KERALA POLICE INFORMATION CENTRE
Ph: 0471 2318188     Email: *info.pol@kerala.gov.in*

No.80 /PR/PIC/PHQ/18     Date : 03.04.2018

## പദ്ധതി നിർവ്വഹണം : കേരള പോലീസിന് മികച്ച നേട്ടം

വാർഷിക പദ്ധതിയുടെ ഭാഗമായുള്ള സ്കീമുകളുടെ നിർവ്വഹണത്തിൽ കേരള പോലീസ് മികച്ച നേട്ടം കരസ്ഥമാക്കി. പോലീസ് സേനയുടെ ആധുനികവത്കരണത്തിന് കേന്ദ്ര വിഹിതമായും സംസ്ഥാനവിഹിതമായും ലഭിച്ച 32 കോടി 64 ലക്ഷം രൂപയിൽ 99.49 ശതമാനവും ചെലവഴിച്ച് പുതിയ പദ്ധതികൾ ഈ വർഷം നടപ്പിലാക്കി. ഇതിനു പുറമേ സംസ്ഥാന പദ്ധതിവിഹിതത്തിൽ 53 കോടി രൂപ അനുവദിച്ചതിൽ 97.38 ശതമാനം തുക ചെലവഴിച്ചു. ജനമൈത്രി പോലീസിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 3 കോടി 70 ലക്ഷം രൂപയും സ്റ്റുഡന്റ്സ് പോലീസ് പദ്ധതിയുടെ ഭാഗമായി 9 കോടി രൂപയും ചെലവഴിച്ചു. പിങ്ക് പട്രോൾ, സ്വയം പ്രതിരോധ പരിശീലനം, നിർഭയ ഉൾപ്പെടെ സ്ത്രീ സുരക്ഷയ്ക്കായുള്ള വിവിധ പദ്ധതികൾ ജൻഡർ ഫ്ളാഗ്ഷിപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കി. മറ്റു പദ്ധതികളിൽ പെടുത്തി ജില്ലാ പരിശീലന കേന്ദ്രങ്ങൾ, ജില്ലാ കൺട്രോൾ റൂമുകൾ, ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ, ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, പോലീസ് സ്റ്റേഷനുകളിൽ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ, മുതിർന്ന പൗരൻമാരുടെ സുരക്ഷയ്ക്കായി സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സൈബർ സുരക്ഷയ്ക്കായുള്ള സാങ്കേതിക നവീകരണങ്ങൾ, കംപ്യൂട്ടർവത്കൃത ഫയൽ പ്രോസസിങ്ങിനുള്ള ‘അയാപ്സ്’ സംവിധാനം മെച്ചപ്പെടുത്തൽ, ക്രമസമാധാനപാലനത്തിനുള്ള GIS സംവിധാനങ്ങൾ, എസ്.സി-എസ്.ടി വിഭാഗം കോളനികൾക്കായുള്ള പോലീസ് സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, ഗതാഗത നിയന്ത്രണം കാര്യക്ഷമമാക്കൽ, ടെലി കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ നവീകരിക്കൽ, സേനയുടെ ആധുനികവത്കരണം തുടങ്ങിയവയും നടപ്പാക്കി.

വാർഷിക പദ്ധതി മികച്ച രീതിയിൽ നടപ്പാക്കാനായത് പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായകമായെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ

പറഞ്ഞു. വിവിധതരം ഉപകരണങ്ങൾ വാങ്ങുക എന്നതിനപ്പുറം, ജനാധിപത്യ സമൂഹത്തിന് അനുഗുണമായ വിധത്തിൽ ആധുനിക പോലീസ് സംവിധാനങ്ങളും രീതികളും കേരള പോലീസ് സേനയിൽ നടപ്പാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതികൾക്കാണ് ഈ വർഷം ഊന്നൽ നല്കിയതെന്നും അദ്ദേഹം പറഞ്ഞു. പിങ്ക് പട്രോൾ പോലെയുള്ള സ്ത്രീസുരക്ഷാ പദ്ധതികൾ, ആധുനിക കുറ്റാന്വേഷണ സംവിധാനങ്ങൾ, മൊബൈൽ ഫോറൻസിക് യൂണിറ്റുകൾ, സൈബർ കുറ്റാന്വേഷണ സംവിധാനങ്ങൾ, ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ തുടങ്ങിയ നിരവധി പുതിയ സംരംഭങ്ങൾ ഇതിന്റെ ഭാഗമായി നടപ്പാക്കിയവയാണ്. ഈ കാഴ്ച്ചപ്പാടോടെ 2018-2019 വർഷത്തെ വാർഷിക പദ്ധതിയും ഫലപ്രദമായി നടപ്പാക്കാനുള്ള ആസൂത്രണം പൂർത്തിയായതായും അദ്ദേഹം അറിയിച്ചു.

***************